പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3326 08-11-2019-ലെ മറുപടിയ്ക്ക്

## വർക്കല മണ്ഡലത്തിൽ ഉണ്ടായ കൃഷി നാശനഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ എത്ര രൂപയുടെ കൃഷി നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് ഇതിനകം എത്ര രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2018 ലെ പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ ആകെ 3.72674 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതിൽ പ്രകൃതിക്ഷോഭ ദുരിതശ്വാസമായി സംസ്ഥാന വിഹിതം 3.24507 ലക്ഷം രൂപയും, കേന്ദ്ര വിഹിതം (എസ്.ഡി.ആർ.എഫ്.) 0.44687 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. എസ്.ഡി.ആർ.എഫ്.ൽ നിന്നും നൽകുവാൻ ബാക്കിയുള്ള 3480 രൂപയിൽ 2603 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 877 രൂപ അനുവദിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുണ്ട്.<br><br>2019 ലെ പ്രളയത്തിൽ വർക്കല മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | വർക്കല മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് ധനസഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് കർഷകരിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും ആയതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | 2018 ലെ പ്രളയത്തിൽ വിളനാശം സംഭവിച്ചതിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 109 കർഷകരുടെ അപേക്ഷകളാണ് വർക്കല മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിലായി ലഭിച്ചിട്ടുള്ളത്. ആയതിൽ മുഴുവൻ കർഷകർക്കും സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. ഒരു കർഷകന് നൽകാൻ ബാക്കിയുള്ള എസ്.ഡി.ആർ.എഫ്. തുക നൽകാനുള്ള നടപടി ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**